# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 391 — 27.06.2013 ൽ മറുപടിയ്ക്ക്

### സ്കൂളുകൾക്ക് അനുമതി നൽകുന്നതിൽ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) പുതിയ സ്ക്കൂളുകൾ അനുവദിക്കുന്നതും, നിലവിലുളളതിന് തുടർ അനുവാദം നൽകുന്നതും, കോഴ്സുകൾ പുതുതായി അനുവദിക്കുന്നതും സംബന്ധിച്ച നയം വിശദമാക്കാമോ; | (എ) സർക്കാർ / എയ്ഡഡ് /അൺ എയ്ഡഡ് മേഖലകളിൽ എൽ.പി./ യു.പി. വിഭാഗത്തിൽ പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുളളവ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ ഹയർ സെക്കന്ററി വിഭാഗത്തിൽ 678 ബാച്ചുകളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഹയർ സെക്കന്ററി സ്കൂളുകളില്ലാത്ത 148 ഗ്രാമ പഞ്ചായത്തിൽ ഒരു സ്കൂളിൽ സയൻസ്, കോമേഴ്സ് എന്നീ വിഷയങ്ങൾക്ക് മുൻതൂക്കം നൽകി രണ്ടു ബാച്ചുകൾ വീതം 290 ബാച്ചുകൾ അനുവദിക്കാനും അവശേഷിക്കുന്ന 382 ബാച്ചുകൾ എറണാകുളം മുതൽ വടക്കോട്ടുളള 8 ജില്ലകളിൽ (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) പ്ലസ് ടു പഠനത്തിനുളള സീറ്റുകളുടെ കുറവിനാനുപാതികമായും അടിസ്ഥാന സൗകര്യങ്ങളും എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ എണ്ണവും കണക്കിലെടുത്തും നിലവിലുളള സർക്കാർ/എയ്ഡഡ് ഹൈസ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് 2 |

ബാച്ചുകൾ വീതം അനുവദിക്കുന്നതിനും നിലവിലുള്ള സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു സ്കൂളിൽ ഓരോ അധിക ബാച്ച് അനുവദിക്കുന്നതിനും (ആകെ 678 ബാച്ചുകൾ) അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും അപേക്ഷ പരിഗണിക്കേണ്ടതിനും അപേക്ഷകൾ ക്ഷണിക്കേണ്ടതിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചും സർക്കാർ ഉത്തരവ് (കൈ.) 185/13/പൊ.വി.വ. തീയതി 11.06.13 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും കോഴ്സുകൾ അനുവദിക്കുന്നതിനും തീരുമാനമെടുത്തിട്ടില്ല.

(ബി) സംസ്ഥാനത്ത് അനധികൃത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിലബസിലുള്ള അൺ എയ്ഡഡ് സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (guidelines) 10.06.2013 -ലെ ജി.ഒ. (എം.എസ്)184/13/പൊ.വി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സി.ബി.എസ്.ഇ. സ്ക്കൂളുകൾക്ക് നിയന്ത്രണം ഇല്ലാതെ അനുമതി നൽകിയതിന്റെ ഫലമായി പൊതു വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പ്രത്യാഘാതമുണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇന്ന് എത്ര സർക്കാർ സ്കൂളുകളെയാണ് ലാഭകരമല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; ഇത് സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയുടെ ഭാവിയെ ഏത് തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

(സി) & (ഡി)

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിത്തിച്ചു വരുന്നതും 31.7.12-ന് മുമ്പ് അപേക്ഷ നൽകിയതുമായ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് മാത്രമാണ് സിബി.എസ്ഇ / ഐ.സി. എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. (നിരാക്ഷേപ പത്രം) സർക്കാർ നൽകുന്നത്. സി.ബി.എസ്.ഇ;/ ഐ.സി.എസ്.സി. സ്കൂളുകൾ

രാജ്യത്തിന്റെ എല്ലാ ഭാഗത്തും പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ കേരളത്തിൽ മാത്രം അത്തരം സ്കൂളുകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നത് പ്രായോഗികമല്ല. സംസ്ഥാനത്ത് എൽ.പി. സ്കൂൾ വിഭാഗത്തിൽ 1719 ഉം യു.പി. സ്കൂൾ വിഭാഗത്തിൽ 394 ഉം ഹൈസ്കൂൾ വിഭാഗത്തിൽ 158 ഉം ആകെ 2271 സർക്കാർ സ്കൂളുകൾ ലാഭകരമല്ലാതെ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ/ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകൾ അൺ എക്കണോമിക് ആകുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവും അൺ എയ്ഡഡ് സ്കൂളുകളുടെയും സിബിഎസ്ഇ/ഐ.സി.എസ്.ഇ. സ്കൂളുകളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവുമാണ് ഇത്രയധികം സ്കൂളുകൾ ലാഭകരമല്ലാത്തതായിത്തീരാൻ കാരണം. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് പൊതുവിലുണ്ടായിട്ടുള്ള ആഭിമുഖ്യവും ഈ അവസ്ഥയ്ക്ക് കാരണമാണ്. അതേ സമയം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും സി.ബി.എസ്.ഇ/ഐ.സി. എസ്.ഇ. സ്കൂളുകളുടെയും സാന്നിദ്ധ്യം വിദ്യാഭ്യാസ മേഖലയിൽ ആരോഗ്യകരമായ മത്സരത്തിനും അതുവഴി ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ പ്രകാരം ഈ രംഗത്ത് നടപ്പാക്കാനിരിക്കുന്ന പരിഷ്ക്കാരങ്ങൾ പൊതു വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Chitra
സെക്ഷൻ ഓഫീസർ